ഉത്തരം

ഉണ്ട്. വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ഏതാനും ക്ഷേത്രങ്ങൾ പിൽഗ്രിം സർക്യൂട്ടിൽ ഉൾപ്പെടുത്തി ധാരണാപത്രം ഒപ്പ് വയ്ക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

"അടുത്ത ശബരിമല സീസണ് വേണ്ടിയുള്ള ഒരുക്കങ്ങൾ"

199 (6118) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത ശബരിമല സീസണ് വേണ്ട ഒരുക്കങ്ങൾ ഇപ്പോഴേ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) വർദ്ധിച്ചുവരുന്ന ഭക്തജനത്തിരക്ക് പരിഗണിച്ച് പുതുതായി എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ;

(സി) വരുന്ന സീസണിൽ പരമാവധി അപകടങ്ങൾ കുറയ്ക്കുന്നതിനും, അപകടത്തിൽപ്പെടുന്നവർക്ക് യഥാസമയം ചികിത്സ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വർദ്ധിച്ചു വരുന്ന ഭക്തജനത്തിരക്ക് പരിഗണിച്ച് താഴെപറയുന്ന പുതിയ പ്രവർത്തികൾക്ക് അനുവാദം ലഭിക്കാൻ ദേവസ്വം ബോർഡ് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്.

(1) പമ്പയിൽ ത്രിവേണി മുതൽ ഗണപതികോവിൽ പരിസരത്ത് വരെ അടിയന്തിരാവശ്യങ്ങൾക്കായി പുതിയ സർവ്വീസ് റോഡ് നിർമ്മിക്കുക.

(2) പമ്പയിൽ പുതുതായി ഏകദേശം 24000 ചതുരശ്ര അടിയിൽ ഒരു വിശ്രമപന്തൽ നിർമ്മിക്കുക.

(3) പരമ്പരാഗത പാതയിൽ അപ്പാച്ചിമേട്,നീലിമല എന്നീ ഭാഗങ്ങളിൽ നാല് സ്ഥലത്തായി അയ്യപ്പന്മാർക്ക് വിശ്രമിക്കുന്നതിന് മേൽക്കൂര നിർമ്മിക്കുക.

(4) ക്യൂ കോംപ്ലക്സ് നിർമ്മാണം.

(5) ശബരിമലയിൽ ജലലഭ്യത വർദ്ധിപ്പിക്കാൻ കുന്നാറിൽ പുതിയ ഒരു ജലസംഭരണി നിർമ്മിക്കുക.

(6) കുന്നാറിലെ നിലവിലുള്ള ഡാമിന്റെ ഉയരം കൂട്ടി സംഭരണ ശേഷി വർദ്ധിപ്പിക്കുക.

(സി) പോലീസ്, ഗതാഗതം, ആരോഗ്യം, റവന്യൂ എന്നീ വകുപ്പുകളുമായി ചേർന്ന് സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly